**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 535** **09-08-2023 - ൽ മറുപടിയ്ക്ക്**

**നികുതി വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പെട്രോൾ, ഡീസൽ സെസ് അടക്കം വിവിധ നികുതികൾ വർദ്ധിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്തുണ്ടായ വിലക്കയറ്റത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നികുതികൾ വർദ്ധിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്തുണ്ടായ വിലക്കയറ്റത്തെക്കുറിച്ച് ധനകാര്യ വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| (ബി) | സർക്കാർ നൽകാനുള്ള കുടിശിക നൽകാത്തത് മൂലം പ്രതിസന്ധിയിലായ സപ്ലൈകോ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് കുടിശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | സപ്ലൈകോയ്ക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ, നെല്ല് സംഭരണത്തിന് സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ 180 കോടി രൂപയും വിപണി ഇടപെടലിനായി (Market Intervention Operations) 70 കോടി രൂപയും ചേർത്ത് ആകെ 250 കോടി രൂപ അനുവദിക്കുന്നതിനായി ധന വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്കുള്ള കുടിശിക സാമ്പത്തിക സ്ഥിതി പരിഗണിച്ച് കൊടുക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇതിന് പുറമെ ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും. |
| (സി) | സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻ സാമ്പത്തിക വർഷത്തെ അധികകടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ |

| | | | |
|---|---|---|---|
| | | | ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ വർഷവും കുറഞ്ഞു വരുന്നതും പ്രസ്തുത ഗ്രാന്റ് 2023-24-ൽ അവസാനിക്കുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നവയാണ്. |
| (ഡി) | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ക്ഷേമ പ്രവർത്തനങ്ങൾ പോലും മുടങ്ങിയിരിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും ക്ഷേമപ്രവർത്തനങ്ങൾക്ക് ഭംഗം വരാതിരിക്കുവാൻ സർക്കാർ പരമാവധി ശ്രമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ